(ബി) ഇതിന് പരിഹാരമായി 'സ്വാമി ശരണം പ്രോജക്റ്റ്' ആവിഷ്ക്കരിക്കാൻ പരിപാടി ഉണ്ടായിരുന്നോ;

(സി) ഇപ്പോൾ ഈ പരിപാടി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ബന്ധപ്പെട്ട എല്ലാ വകുപ്പുകളും കൂടി ആലോചിച്ച് ഈ പദ്ധതി പ്രായോഗികമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇല്ല.

(ബി) പമ്പയാറിലെ ത്രിവേണിയിൽ ഇപ്പോൾ വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വെള്ളത്തിന് പുറമെ കൂടുതൽ വെള്ളം എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'സ്വാമിശരണം' പ്രോജക്ട് ആവിഷ്ക്കരിച്ചത്.

(സി) ഇല്ല. പദ്ധതി ഭാഗീകമായി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

മത-മൗലികവാദ സംഘടനകളുടെ പ്രവർത്തനം

* 25 [175] ശ്രീ. വി. ചെന്താമരാക്ഷൻ:
,, മഞ്ഞളാംകുഴി അലി:
,, വി. കെ. സി. മമ്മത്കോയ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതമൗലികവാദ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഇവയുടെ ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദ പ്രവർത്തനങ്ങൾ സംസ്ഥാനത്തേക്ക് വ്യാപിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പോലീസിൽ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) ദേശവിരുദ്ധ-മൗലികവാദ പ്രവർത്തനങ്ങളെ നേരിടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏതെല്ലാം മത തീവ്രവാദ സംഘടനകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; ഇവയ്ക്ക് ലഭിക്കുന്ന വിദേശസഹായത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം മതസാമൂഹ്യ സാംസ്കാരിക സംഘടനകൾക്കാണ് വിദേശ ധനസഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—എഫ്) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. ഇന്റർവ്യൂവിന്റെ കാലതാമസം

* 26 [176] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. അംഗങ്ങളുടെ കുറവു മൂലം ഇന്റർവ്യൂ യഥാസമയം നടക്കാത്തതിനാൽ നിയമനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എഴുത്തുപരീക്ഷ കഴിഞ്ഞതും എന്നാൽ ഇന്റർവ്യൂ യഥാസമയം നടക്കാത്തതുമായ നിയമനങ്ങൾക്ക് കാലതാമസം നേരിട്ട പ്രധാനപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കാലതാമസം ഒഴിവാക്കി നിയമനങ്ങൾ യഥാസമയം നടത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല.

(ബി ആന്റ് സി) ഇന്റർവ്യൂ യഥാസമയം തന്നെ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്തു വരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

വയൽ നികത്തലും പാറപൊട്ടിക്കലും നിയന്ത്രിക്കാനുള്ള നടപടികൾ

* 27 [177] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, കെ. എ. ചന്ദ്രൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചതുപ്പുകൾ, വയലുകൾ, വെള്ളം തങ്ങി നിൽക്കുന്ന മറ്റ് സ്ഥലങ്ങൾ എന്നിവ നികത്തുക, പാറ അനിയന്ത്രിതമായി പൊട്ടിക്കുക മുതലായ നടപടികൾ പരിസ്ഥിതിയുടെ സംതുലിതാവസ്ഥയ്ക്ക് മാറ്റം വരുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly